# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 508 10.03.2015-ലെ മറുപടിക്ക്

## കടപ്പത്രം പുറപ്പെടുവിച്ചുകൊണ്ട് സംസ്ഥാനം സമാഹരിച്ച പണം

| | ചോദ്യം<br><br>ശ്രീ. സാജു പോൾ | ഉത്തരം<br><br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | നടപ്പ് സാമ്പത്തിക വർഷം കടപ്പത്രം പുറപ്പെടുവിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങളുടെ മറവിൽ സംസ്ഥാനം സമാഹരിച്ച പണം എത്ര കോടി രൂപയാണ് ; ഏതെങ്കിലും വികസന പ്രവർത്തനത്തിനായി ഈ പണം വിനിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; | നടപ്പ് സാമ്പത്തിക വർഷം 2015 ഫെബ്രുവരി 28 വരെ 12200 കോടി രൂപ കടപ്പത്രം മുഖേന സമാഹരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ലഭിച്ച മുഴുവൻ തുകയും Consolidated fund ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. Consolidated fund ൽ മറ്റു വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് ഇത്തരത്തിൽ എടുത്ത തുക ഏതൊക്കെ പദ്ധതികൾക്കായി എത്രത്തോളം വിനിയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് വേർതിരിക്കാനാവില്ല. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം ലക്ഷ്യമിട്ട മൂലധന ചെലവ് എത്ര കോടിയായിരുന്നു ; ഇതിനകം എത്ര കോടി രൂപയുടെ വികസന ചെലവുണ്ടായി ; വ്യക്തമാക്കാമോ ; | നടപ്പ് സാമ്പത്തിക വർഷം ലക്ഷ്യമിട്ട മൂലധന ചെലവ് 6636.38 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പുസാമ്പത്തിക വർഷം ജനുവരി 31 വരെ 32724.68 കോടി രൂപയുടെ വികസന ചെലവുണ്ടായി. |
| (സി) | ഈ സർക്കാരിന്റെ മുൻ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ലക്ഷ്യമിട്ട മൂലധന ചെലവും യഥാർത്ഥ മൂലധന ചെലവും സംബന്ധിച്ച് വിശദമാക്കാമോ ? | 2013-14 സാമ്പത്തിക വർഷം ലക്ഷ്യമിട്ടിരുന്ന മൂലധനചെലവ് 8635.03 കോടി രൂപയും യഥാർത്ഥ കണക്കുകൾ അനുസരിച്ച് ചെലവ് 4294.33 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ